<u>ശ്രദ്ധക്ഷണിക്കൽ</u>

**പച്ചക്കറി – ഭക്ഷ്യവസ്തുക്കളിലെ മായം**

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, പഴം–പച്ചക്കറി–ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്ന മായത്തിനെതിരെ അതിശക്തമായ നടപടി സ്വീകരിക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ് എന്റെ ശ്രദ്ധക്ഷണിക്കൽ. ജീവിക്കാനുള്ള അവകാശം ഇല്ലാതാക്കുന്ന തരത്തിൽ മനുഷ്യനെ മാരകമായ രോഗത്തിലേക്കും മരണത്തിലേക്കും നയിക്കുന്നവിധം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കേരളത്തിൽ ഭീതികരമായ രീതിയിൽ വർദ്ധിച്ചുവരികയാണ്. മായം ചേർക്കുന്നതിനുപുറമെ ഭക്ഷ്യവസ്തുക്കൾ കേടുകൂടാതിരിക്കാൻ മാരകമായ രാസപദാർത്ഥങ്ങളും നമ്മുടെ നാട്ടിൽ വ്യാപകമായി ഉപയോഗിക്കുകയാണ്. ഇതിനെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രനിയമവും മറ്റിതര നിയമങ്ങളുമൊക്കെ നിലവിലുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ ഭീതികരമായ മായം ചേർക്കൽ തടയുവാൻ നമുക്ക് ഇപ്പോഴും കഴിയുന്നില്ല എന്നത് യാഥാർത്ഥ്യവും ദു:ഖകരവുമാണ്. മായമില്ലാത്ത ഒരു ഭക്ഷ്യവസ്തുവും ഇല്ലാത്ത അവസ്ഥയാണ് നമ്മുടെ നാട്ടിൽ ഇന്നുള്ളത്. മനുഷ്യന്റെ ജീവൻ രക്ഷിക്കേണ്ട മരുന്നുകളിൽപ്പോലും മായം ചേർക്കുന്നുവെന്നുള്ളത് ഞെട്ടിക്കുന്ന ഒരു വസ്തുതയാണ്. മാരകമായ വിഷം ചേർത്ത ഭക്ഷ്യവസ്തുക്കൾ കഴിക്കുന്നതുമൂലമാണ് ക്യാൻസർ തുടങ്ങിയ വളരെ ഭീതിജനകമായ രോഗങ്ങൾ വേഗതയിൽ വ്യാപകമാകുന്നതെന്ന് വിദഗ്ദ്ധരായ ഡോക്ടർമാർ ചൂണ്ടിക്കാണിക്കുകയാണ്. വിവിധ തരത്തിലുള്ള രോഗങ്ങൾ ഇത്തരത്തിൽ നമ്മെ വേട്ടയാടുന്നതുകൊണ്ട് നമ്മുടെ ആയുസ്സിൽ കാതലായ കുറവ് വരികയാണ്. ഉപ്പുതൊട്ട് കർപ്പൂരം വരെയാണ് എന്നുപറയുന്നതുപോലെ എല്ലാത്തിലും മായമാണ്. ഇറച്ചിയും മീനും കേടുകൂടാതെയിരി

ക്കാൻ മോർച്ചറികളിൽ ശവശരീരത്തിൽ ഉപയോഗിക്കുന്ന ക്യാൻസർ രോഗത്തിനിടയാക്കുന്ന ഫോർമാലിൻ തളിക്കുകയാണ്. ഫോർമാലിൻ തളിച്ച ഇറച്ചിയും മീനും വിപണിയിൽ യഥേഷ്ടം വിറ്റഴിക്കുന്നു. അമോണിയ വിതറിയാണ് മാർക്കറ്റിൽ ഇപ്പോൾ സുനാമി ഇറച്ചി എന്ന പേരുള്ള മാംസം വിറ്റഴിക്കുന്നത്. ഇത് കർണ്ണാടകയിൽനിന്നും തമിഴ്നാട്ടിൽനിന്നും വരുന്ന മാംസമാണ്. ഭക്ഷണത്തിന് രുചി ലഭിക്കുന്നതിനുചേർക്കുന്ന മാരക രോഗത്തിനിടയാക്കുന്ന അജിനാമോട്ടോ, അതുപോലെതന്നെ കളറിനും മണത്തിനും ഉപയോഗിക്കുന്ന വിഷവസ്തുക്കൾ, എൺപതിലേറെ കൃത്രിമ ചായങ്ങളാണ് ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നത് എന്ന് ഔദ്യോഗികമായി വെളിവാക്കപ്പെട്ടിരിക്കുന്നു. ഫോർമാലിൻ എന്ന വിഷവസ്തു ചേർത്ത പാൽ, കഫീൻ ചേർത്ത ശീതളപാനീയം, സുഡാൻ എന്ന രാസവസ്തു ചേർത്ത മുളകുപൊടി, റെഡ്ഓക്സൈഡ് ചേർത്ത കുത്തരി, ലെഡ്ക്രോമൈറ്റ് ചേർത്ത മഞ്ഞൾപ്പൊടി, പാരഫിൻ വാക്സ്, എഞ്ചിൻ ഓയിൽ, വൈറ്റ് ഓയിൽ എന്നീ ക്യാൻസർ രോഗം വരുത്തുന്ന പദാർത്ഥങ്ങൾ ചേർത്ത വെളിച്ചെണ്ണ, പയർ, പരിപ്പ് തുടങ്ങിയവയിൽ ചേർക്കുന്ന കൃത്രിമച്ചായങ്ങൾ, പഴം–പച്ചക്കറികളിൽ സാർവ്വത്രികമായി ചേർക്കുന്ന മായങ്ങൾ, മാരകമായ കീടനാശിനികൾ തളിച്ച പച്ചക്കറികൾ തുടങ്ങിയവ വിപണിയിൽ ലഭിക്കുന്നു. ചീര, പുതിന, കറിവേപ്പില തുടങ്ങി പതിനാലിനം പച്ചക്കറികളിൽ അപകടകരമാംവിധം വിഷാംശമെത്തി എന്ന് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. എത്തിയോണിനെക്കൂടാതെ ക്ലോർപൈറിഫോസ് എന്ന വിഷാംശവും പച്ചക്കറികളിൽ തളിക്കുകയാണ്. വിഷം തളിച്ച ഭക്ഷ്യ വർഗ്ഗങ്ങൾ, വാക്സിൻ പുരട്ടിയ ആപ്പിളുകൾ തുടങ്ങിയവ നമ്മുടെ മാർക്കറ്റുകളിൽ സുലഭമാണ്. ഇ–കോയിൽ ബാക്ടീരിയ ചേർത്ത ബിരിയാണി, ഗുണനിലവാരമില്ലാത്ത മിനറൽ വാട്ടറു

കൾ, ചപ്പുചവറുകൾക്കും ഓടകൾക്കും സമീപമുള്ള തട്ടുകടകൾ, ബേക്കറികളിൽ കൊടുക്കുന്ന മായം ചേർത്തതും വളരെ ഭംഗിയുള്ളതുമായ വിവിധ ബേക്കറി ഐറ്റംസ് തുടങ്ങിയവയും സുലഭമാണ്. തിരുവനന്തപുരത്ത് കഴിഞ്ഞ വർഷം സച്ചിൻ മാത്യു റോയ് എന്ന ഒരു എഞ്ചിനീയറിംഗ് വിദ്യാർത്ഥി മരണപ്പെടുകയുണ്ടായി. ബേക്കറിയിലെ ഒരു സാധനം വാങ്ങി കഴിച്ചതുകൊണ്ടാണ് മരണപ്പെട്ടതെന്ന് പറയപ്പെടുന്നു. നോർവ്വെ, സ്വീഡൻ തുടങ്ങിയ രാജ്യങ്ങൾ നൽകുന്ന കടുത്ത ശിക്ഷ നാം കാണേണ്ടതാണ്. വിഷം ചേർത്ത ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നവർക്കെതിരെ വധശിക്ഷ കൊടുക്കുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാൻ ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങൾ ആലോചിക്കുകയാണ്. ഇത് വളരെ ഗൗരവമായി എടുക്കേണ്ട ഒന്നാണ്. ഇന്ന് ഹൈ-ടെക് യുഗമാണ്. ഹൈ-ടെക് യുഗത്തിൽ ഏതു മായവും നിമിഷങ്ങൾക്കകം കണ്ടുപിടിക്കാൻ കഴിയുന്ന ആധുനിക സംവിധാനങ്ങളുണ്ട്. അത് നമ്മൾ പ്രയോജനപ്പെടുത്തുന്ന സാഹചര്യമുണ്ടാകണം. മനുഷ്യന്റെ ജീവന് ഭീഷണിയാകുന്ന തരത്തിൽ ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കുവാനും തടയുവാനും കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിനും നടപടികൾ ശക്തമാക്കണം. മായം ചേർക്കൽ എന്ന പ്രവർത്തനത്തിന് കൂട്ടുനിൽക്കുന്ന മാഫിയകളെ കണ്ടെത്തേണ്ടതായിട്ടുണ്ട്. ഇതിന് കൂട്ടുനിൽക്കുകയും ശിക്ഷ നൽകുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. നമുക്ക് ജീവിച്ച് മുന്നോട്ടുപോകാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് മായം ചേർക്കൽ എന്ന ഏറ്റവും ഗുരുതരവും ക്രൂരവുമായിട്ടുള്ള നടപടി തുടർന്നുവരുമ്പോൾ, നമ്മുടെ സംസ്ഥാനം അതിലേയ്ക്ക് ഉയരണം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ ഇടപെടണം. മറ്റു

രാജ്യങ്ങളൊക്കെ ഇക്കാര്യത്തിൽ കാണിക്കുന്ന ഗൗരവം ഉൾക്കൊള്ളണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇക്കാര്യത്തിൽ ഇടപെട്ട് ഇതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ഗവൺമെന്റ് ഇതിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പച്ചക്കറി, പഴവർഗ്ഗ ഭക്ഷ്യവസ്തുക്കളിൽ വ്യാപകമായി കാണുന്ന മായംകലർത്തലിനെതിരെ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട അംഗം തോമസ് ഉണ്ണിയാടൻ ഇവിടെ ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിച്ച വിഷയം കേരളത്തെ സംബന്ധിച്ചിടത്തോളം മനുഷ്യസമൂഹത്തിനുതന്നെ ഏറ്റവും ഹാനികരമായി മാറിക്കൊണ്ടിരിക്കുന്ന ഒരു കാര്യമായിട്ടാണ് കാണുന്നത്. 1954-ലെ മായംചേർക്കൽ നിരോധനനിയമത്തിന് പകരമായി സുരക്ഷിത ഭക്ഷണം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ 2008-ൽ സംസ്ഥാന സർക്കാർ ഫുഡ് സേഫ്റ്റി കമ്മീഷണറെ നിയമിക്കുകയും 2009 ജൂലൈയിൽ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റ് രൂപീകരിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ ഈ നിയമം നിലവിൽ വന്നത് 2011 ആഗസ്റ്റ് 5 മുതലാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പാൽ, പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ കൂടുതലായി അന്യസംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്. ആയതിനാൽ മാരകമായ ഫോർമാലിൻ പോലുള്ള വിഷവസ്തുക്കൾ പാലിൽ പ്രിസർവേറ്റീവായി ഉപയോഗിക്കുക, അമിതമായ തോതിൽ പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീട

നാശിനി തളിക്കുക തുടങ്ങിയ പരാതികൾ ധാരാളമായി ലഭിക്കുന്നുണ്ട്. അതു പോലെതന്നെ പാചകം ചെയ്ത ഭക്ഷണപദാർത്ഥങ്ങളിൽ രുചി വർദ്ധിപ്പിക്കുന്നതിനായി പല നിരോധിത കളറുകളും ഉപയോഗിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യവസ്തുക്കളുടെ എണ്ണയിലും മായം ചേർക്കുന്നതായുള്ള പരാതികൾ ലഭിക്കുന്നുണ്ട്. ഇത്തരം പരാതികൾ മുൻനിറുത്തിയാണ് നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധനകളും സർവ്വേകളും സംസ്ഥാനവ്യാപകമായി നടത്തിവരുന്നത്. പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ ആക്ട് 1954 പ്രകാരമാണ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന് ശിക്ഷ നൽകുന്നത്. ഇതുപ്രകാരം 6 മാസം മുതൽ 3 വർഷംവരെ ശിക്ഷ നൽകുന്ന വകുപ്പാണ് ചേർത്തിട്ടുള്ളത്. ആഘോഷവേളകളിൽ ഭക്ഷ്യവിഷബാധ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ എടുക്കുന്നതിന്റെ ഭാഗമായി റെയ്ഡുകളും പരിശോധനകളും ഈ കാലയളവിൽ കർശനമാക്കാറുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ഗുണനിലവാരം നടപ്പിലാക്കുന്ന കാര്യത്തിൽ ദീർഘകാല പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. വിളകൾ കൃഷി ചെയ്യുമ്പോൾ ഉണ്ടാകുന്ന കീടരോഗബാധയ്ക്ക് ആവശ്യമായി വരുന്ന കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികളാണ് കൃഷി വകുപ്പ് എടുത്തുവരുന്നത്. കേരളത്തിൽ പതിനാല് കീടനാശിനികളുടെ വില്പനയും ഉപയോഗവും നിരോധിച്ചിട്ടുണ്ട്. അതിനാൽ മാരകമായ വിഷവസ്തുക്കൾ ഉപയോഗിക്കുന്നത് ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. കൂടാതെ ഈ നിരോധനം നിലവിൽ വന്നതുമുതലുള്ള ഉപയോഗം കണക്കാക്കിയാൽ കീടനാശിനികളുടെ ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ട്. ജൈവ വളം ഉപയോഗിച്ചുള്ള ജൈവ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് 50 ലക്ഷം വീടുകളിൽ സ്കൂൾ കുട്ടികൾ മുഖേന വിത്ത് നൽകിയിട്ടു

ണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും നിരോധിക്കപ്പെട്ട കീടനാശിനികൾ കേരളത്തിലേക്ക് കൊണ്ടുവരുന്നത് തടയാൻ ജില്ലാ കളക്ടർമാരുടെ അധ്യക്ഷതയിൽ ജില്ലകളിൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. പച്ചക്കറി-ഭക്ഷ്യവസ്തുക്കളിൽ വ്യാപകമായി കാണുന്ന മായം കലർത്തലിനെ സംബന്ധിച്ച് കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിലുള്ള പെസ്റ്റിസൈഡ് റസിഡ്യൂവിന്റെ ദേശീയ ഏകോപിത നെറ്റ്‌വർക്ക് വിശദമായ പഠനങ്ങൾ നടത്തിവരുന്നുണ്ട്. ഈ സംവിധാനം പച്ചക്കറികളിൽ കലർത്തിയിട്ടുള്ള വിഷാംശം നീക്കം ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. ഉദാഹരണത്തിന് പച്ചക്കറി വസ്തുക്കൾ രണ്ട് ശതമാനം വീര്യമുള്ള ഉപ്പുലായനിയിലോ രണ്ടുശതമാനം വീര്യമുള്ള വിനിഗർ ലായനിയിലോ 20 മിനിട്ട് മുക്കിവച്ചതിനുശേഷം പാചകത്തിനായി ഉപയോഗിക്കുക എന്നതാണ്. വിഷാംശം അനിയന്ത്രിതമായി ഉപയോഗിക്കുന്ന സ്ഥലങ്ങളിൽനിന്നും പച്ചക്കറി വാങ്ങുന്നത് ഒഴിവാക്കുന്നതിനുള്ള ശുപാർശകളും സർവ്വകലാശാല നൽകി വരുന്നുണ്ട്. ഇത്തരം പഠനങ്ങളുടെ ഫലങ്ങൾ നയരൂപീകരണത്തിനുവേണ്ടി കേന്ദ്രഗവൺമെന്റിന് റിപ്പോർട്ടായി നൽകുന്നുമുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, പഴം, പച്ചക്കറികളിൽ ഉണ്ടാവുന്ന വ്യാപകമായ മായം ചേർക്കലിനെതിരെയുള്ള നടപടികളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഭക്ഷ്യ വസ്തുക്കളിലുമുള്ള വ്യാപകമായ മായം ചേർക്കലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഒരു മറുപടി പറഞ്ഞാൽ നന്നായിരുന്നു. ഭക്ഷ്യ വസ്തുക്കളിലുള്ള വ്യാപകമായ മായം ചേർക്കൽ നമ്മുടെ നാടിനെ വല്ലാത്തൊരു അവസ്ഥയിലേക്ക് കൊണ്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ പല

രാജ്യങ്ങളും വധശിക്ഷ ഉൾപ്പെടെയുള്ള കർശനമായ ശിക്ഷകൾ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ട് വളരെ ഗൗരവമായ ഈ അവസ്ഥയ്ക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ശ്രീ. തോമസ് ഉണ്ണിയാടൻ ഇവിടെ ഉന്നയിച്ചത്. ഇത് ആളുകളെ ഇഞ്ചിഞ്ചായി കൊല്ലുന്ന ഒരു പ്രശ്നമാണ്. ഇതിനെതിരെ കർശനമായിട്ടുള്ള നടപടികൾ ആവശ്യമാണ്. ബഹുമാനപ്പെട്ട അംഗം ഈ വിഷയം സഭയുടെയും അതിലൂടെ ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്നതിന് നന്ദിയുണ്ട്. ഈ പ്രശ്നം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ബഹുമാനപ്പെട്ട ഫിഷറീസ് മിനിസ്റ്റർ.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, മന്ത്രിയോട് ചോദ്യം ചോദിക്കാനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചു, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു, അതിനുശേഷം വീണ്ടും അങ്ങ് ചോദിച്ചു, മുഖ്യമന്ത്രി മറുപടി പറയണമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയും പറഞ്ഞു. യെസ്..... ചോദിക്കൂ.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കീടനാശിനികൾ തളിച്ച പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉപയോഗിക്കുന്നത് മനുഷ്യനിൽ മാരകമായ രോഗങ്ങൾ പിടിപെടുന്നതിന് ഇടയാക്കുന്നു എന്ന ഗൗരവമായ വിഷയം നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുകയാണ്. കൃഷി വകുപ്പ് മുൻകൈയെടുത്ത് കീടനാശിനികളും മറ്റും ഉപയോഗിക്കാത്ത ഒരു സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, കൃഷിക്ക്, പ്രത്യേകിച്ച് പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലുമൊക്കെ ജൈവവളവും ജൈവ കീടനാശിനിയും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്നും 2016 അവസാനിക്കുന്നതോടുകൂടി കേരളത്തെ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റണമെന്നുമുള്ള നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും അവിടെ നടപടികൾ തുടങ്ങിക്കഴിഞ്ഞിരിക്കുകയുമാണ്. ഘട്ടംഘട്ടമായി തിരുവനന്തപുരം ജില്ല വരെയുള്ള പതിനാല് ജില്ലകളിലും ഇത് വ്യാപിപ്പിച്ചുകൊണ്ട് കേരളത്തെ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതാണ്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് പാരിസ്ഥിതിക അനുമതിയും സി.ആർ.ഇസഡ്. അനുമതിയും ലഭിച്ച കാര്യം ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽ റൂൾ 300 അനുസരിച്ച് റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതുപ്രകാരം കേന്ദ്ര സർക്കാറിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനുവേണ്ടി ലാന്റ് ലോർഡ് മോഡൽതന്നെ നിലനിറുത്തിക്കൊണ്ട് പദ്ധതി സർക്കാർ പുനർനിർണ്ണയിച്ചിട്ടുണ്ട് എന്നാണ് ഇവിടെ സമർപ്പിച്ച നോട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. അതേ നോട്ടിൽത്തന്നെ മറ്റൊരു സ്ഥലത്ത് പദ്ധതി പുനർനിർണ്ണയം ചെയ്തതനുസരിച്ച് പി.പി.പി. പങ്കാളിയെ കണ്ടെത്താനുള്ള ടെണ്ടർ വിളിച്ചത് അറിയിച്ചതായും കാണുന്നു. ഫലത്തിൽ ലാന്റ് ലോർഡ് മോഡൽ എന്നുള്ളതിൽ നിന്നു

മാറി പി.പി.പി.യാക്കി മാറ്റാൻ സർക്കാർ തീരുമാനിച്ചു എന്നതാണ് റൂൾ 300 അനുസരിച്ച് മന്ത്രി നടത്തിയിട്ടുള്ള ഈ പ്രസ്താവനയിൽ വ്യക്തമാകുന്നത്. ലാന്റ് ലോർഡ് മോഡൽ എന്ന് പറഞ്ഞിട്ട് പി.പി.പി. ആക്കുമ്പോൾ അതിന്റെ ഘടന തന്നെ മാറുന്നുണ്ട്. യഥാർത്ഥത്തിൽ പി.പി.പി. ആക്കാനാണ് നേരത്തെ തീരുമാനിച്ചിരുന്നത്. രണ്ടുപ്രാവശ്യം ഈ പദ്ധതി പി.പി.പി.യായി ചെയ്യാൻ വേണ്ടി തീരുമാനിച്ചതാണ്. അതിന്റെ അനുഭവം മുൻനിർത്തി, അത് പ്രായോ ഗികമല്ല എന്നു കണ്ടുകൊണ്ടാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് അതുമാറ്റി ലാന്റ് ലോർഡ് പ്രോജക്ടായി കൊണ്ടുവരാൻ തീരുമാനിച്ചത്. എന്നാൽ മുഖ്യമന്ത്രി ഇടപെട്ട് ഈ പദ്ധതി പി.പി.പി. എന്നുള്ള നിലയിൽ മാറ്റി യതായിട്ടുള്ള രേഖയാണ് പുറത്തുവന്നിരിക്കുന്നത്. 18–01–2013–ൽ പ്ലാനിംഗ് കമ്മീഷന്റെ ഡെപ്യൂട്ടി ചെയർമാൻ മൊണ്ടേഗ്സിംഗ് അലുവാലിയക്ക് ബഹു മാനപ്പെട്ട മുഖ്യമന്ത്രി ഒരു കത്തയച്ചിട്ടുണ്ട്. ആ കത്തിൽ, It may be possible to structure a few large PPP project in Kerala including the Vizhinjam Port എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി മുഖ്യമന്ത്രിതന്നെ മുൻകൈയെടുത്ത് ഇത്തരത്തിൽ മാറ്റിയതായിട്ടാണ് ഈ രേഖ വ്യക്തമാക്കു ന്നത്. എന്നാൽ ഈ പദ്ധതി ലാന്റ്ലോർഡ് മോഡൽ പദ്ധതിയായിത്തന്നെ നിറുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രസ്താവന നടത്തുകയും ചെയ്തതായി കാണുന്നു. ഇതു രണ്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇതു സംബന്ധിച്ച് വലിയ ആശങ്കയും ആശയക്കുഴപ്പവും ഉണ്ടായിക്കഴിഞ്ഞിരിക്കു കയാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ശ്രീ. എം. വി. രാഘവൻ തുറമുഖ വകുപ്പുമന്ത്രിയുമായിരുന്ന കാലത്ത് പി.പി.പി. മോഡൽ പദ്ധ തിയായി ഇത് കൊണ്ടുവരാൻ ശ്രമിച്ചിരുന്നു. അന്ന് ചൈനീസ് പദ്ധതി ഇതിൽ

വന്നു. ആ ചൈനീസ് പദ്ധതിക്ക് സെക്യൂരിറ്റി ക്ലിയറൻസ് കൊടുക്കാത്തതിന്റെ ഫലമായാണ് അന്ന് ആ പദ്ധതി നടക്കാതെ പോയത്. പിന്നീട് വി.എസ്. സർക്കാർ വന്നപ്പോൾ അന്നും പി.പി.പി. മോഡൽ പദ്ധതി കൊണ്ടുവന്നു. അതുസംബന്ധിച്ച് കോടതിയിൽ കേസ് വന്നു. ആ പി.പി.പി. പദ്ധതി പ്രായോഗികമല്ലാതായി. ഇപ്പോൾ വീണ്ടും പി.പി.പി. ആക്കിയാൽ അതേ സ്ഥിതിതന്നെയല്ലേ ഈ പദ്ധതിക്ക് വരാൻ പോകുന്നത്.

വിഴിഞ്ഞം പ്രോജക്ട് തിരുവനന്തപുരത്തിന്റേതു മാത്രമായ ഒരു പ്രോജക്ടായി കണക്കാക്കാൻ സാധിക്കില്ല. കേരളത്തിന്റെ സമഗ്രവികസനത്തിന് ആവശ്യമായ ഈ പ്രോജക്ട് പരാജയപ്പെട്ടാൽ കേരളത്തിലെ ഒരു വലിയ വികസന പദ്ധതിയായിരിക്കും പരാജയപ്പെടാൻ പോകുന്നത്. കഴിഞ്ഞ കാലത്തുണ്ടായ അനുഭവത്തിൽനിന്ന് പാഠം പഠിച്ചതുകൊണ്ടാണ് ലോകത്തിലെ തന്നെ പ്രശസ്തരായിട്ടുള്ള ഐ.എഫ്.സി.-യെ കൺസൾട്ടന്റായി നിയമിച്ച്, പഠനം നടത്തി, ഇതൊരു ലാന്റ് ലോർഡ് പോർട്ടാക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തീരുമാനമെടുത്തത്. എൽ.ഡി.എഫ്. ഗവൺമെന്റ് പോർട്ട് നിർമ്മാണത്തിനായി ബഡ്ജറ്റിൽ പണം വകയിരുത്തുകയും പൊതുമേഖലാ ബാങ്ക് മുഖേനയുള്ള കൺസോർഷ്യം വഴി 2500 കോടി രൂപ സമാഹരിക്കുന്നതിന് എസ്.ബി.ഐ.-യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി, റോഡ്, റെയിൽവേ, വെള്ളം, വൈദ്യുതി എന്നിവക്കുള്ള പണവും അന്ന് അനുവദിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും റോഡ് പണി പൂർത്തിയാക്കി വെള്ളം, വൈദ്യുതി കണക്ഷനുകൾ എന്നിവ നൽകുകയും ചെയ്തു. യു.ഡി.എഫ്. സർക്കാർ വന്നപ്പോൾ ഐ.എഫ്.സി.-യെ കൺസൾട്ടന്റിൽ നിന്നൊഴിവാക്കി. രണ്ടര വർഷത്തിനുശേഷം

എൽ. ആന്റ് റ്റി. റാംബോൾസ് നൽകിയിട്ടുള്ള ഒരു റിപ്പോർട്ട് പ്രകാരം കേരള സർക്കാർ ഈ പ്രോജക്ട് പരിസ്ഥിതി ക്ലിയറൻസിനുവേണ്ടി അയയ്ക്കുകയും ക്ലിയറൻസ് ലഭിക്കുകയും ചെയ്തു എന്നതാണ് ഇപ്പോൾ വന്നിട്ടുള്ള ഒരു മാറ്റം. അത് നല്ലതുതന്നെയാണ്. നിലവിലുള്ള തീരുമാന പ്രകാരം ഇപ്പോൾ ബ്രേക്കിംഗ് വാട്ടർ വർക്ക് മാത്രമേ സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളൂ, ഇതിന്റെ ഭാഗമായി മറ്റ് കാര്യങ്ങളൊന്നും ചെയ്യാൻ പോകുന്നില്ല. സ്വകാര്യ പങ്കാളിത്തം നിശ്ചയിക്കുമ്പോൾത്തന്നെ ........

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചുരുക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എല്ലാവർക്കും കൊടുക്കുന്ന സമയം എനിക്കും അനുവദിച്ചു തരണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ ചുരുക്കണമെന്നേ പറഞ്ഞുള്ളു, നിറുത്താൻ പറഞ്ഞില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സ്വകാര്യ പങ്കാളിത്തം വളരെ കൂടുതലുള്ള, നിർദ്ദേശിക്കപ്പെട്ട മോഡലിൽ നാലാമത്തെ മോഡലാണ് ഇപ്പോൾ ഗവൺമെന്റ് തെരഞ്ഞെടുത്തതായി കാണുന്നത്. ഓരോ വർഷം കഴിയുന്തോറും ഈ പദ്ധതി ചെലവ് വർദ്ധിച്ച് വരുന്നതിനാൽ ഇപ്പോൾ ഇത് 5250 കോടി രൂപ ചെലവുള്ള പദ്ധതിയായി മാറി. നേരത്തെ 1800 കോടി രൂപയ്ക്ക് ചെയ്യാൻ കഴിയുമെന്ന് പറഞ്ഞ പദ്ധതി ഇപ്പോൾ 5250 കോടി രൂപയിലേയ്ക്കെത്തി. മന്ത്രി നടത്തിയ സ്റ്റേറ്റുമെന്റിൽ കാണുന്നത് 3640 കോടി രൂപയാണ് സ്വകാര്യ പങ്കാളിത്തം വഴി ലഭ്യമാക്കാൻ പോകുന്നതെന്നാണ്. ഇത് ലാന്റ് ലോർഡ് പോർട്ടാവുകയാണെങ്കിലുള്ള പ്രത്യേകത എന്നു

പറഞ്ഞാൽ, ഇതിന്റെ താരിഫ് നമുക്ക് നിശ്ചയിക്കാൻ സാധിക്കും, വൻകിട പോർട്ടുകളിലേക്ക് പോകുന്ന കപ്പലുകളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ സാധിക്കും. ഇത് മാറി പുതിയ ഒരു പദ്ധതി വരുമ്പോൾ ഇതിന്റെ ഭാവി എന്തായിരിക്കും? നേരത്തെ ചൈനീസ് കമ്പനിയാണെന്ന് പറഞ്ഞാണ് ഈ പ്രോജക്ട് അട്ടിമറിച്ചത്. പിന്നീട് മറ്റൊരു കമ്പനിക്ക് നൽകിയപ്പോൾ കോടതിയിൽ കേസ് വന്ന് അത് നടക്കാതെയായി. അന്ന് അനുമതി കൊടുക്കാതിരുന്ന പല കമ്പനികൾക്കും പിന്നീട് അനുമതി കെടുക്കുന്ന സ്ഥിതിയും പല സംസ്ഥാനങ്ങളിലുമുണ്ടായി. 2010-ൽ വിഴിഞ്ഞം ടെൻഡർ വിലയിരുത്തുമ്പോൾ രണ്ട് കമ്പനികളാണ് രംഗത്തുണ്ടായിരുന്നത് – വെൽസൺ കൺസോർഷ്യവും ഗുജറാത്തിലെ മുദ്രാ പോർട്ടും. ടെൻഡർ തുറന്ന് പരിശോധിച്ചപ്പോൾ മുദ്രാ പോർട്ടിന് ടെൻഡറിൽ പങ്കെടുക്കാൻ അർഹതയില്ലെന്ന് പതിവില്ലാത്ത വിധം കേന്ദ്ര ഗവൺമെന്റിന്റെ ധനകാര്യ മന്ത്രാലയത്തിൽ നിന്ന് വിലക്ക് വന്നു. ഇങ്ങനെ ഓരോ സന്ദർഭത്തിലും ടെൻഡർ നടപടികൾ അവസാന ഘട്ടത്തിൽ എത്തുമ്പോൾ ഏതെങ്കിലും ഒരു പ്രശ്നമുണ്ടാക്കി ഈ വിഴിഞ്ഞം പ്രോജക്ടിനെ തകർക്കുകയാണ് ചെയ്തുകൊണ്ടിരുന്നത്. വിഴിഞ്ഞം പോർട്ട് വരാതിരിക്കുന്നതിനുവേണ്ടി ഒരു അന്താരാഷ്ട്ര ലോബി പ്രവർത്തിക്കുന്നുണ്ട്. അതിന്റെ എല്ലാ മേഖലയിലും ചില ദുഷ്ടശക്തികൾ കടന്നുകൂടിയിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ, ഈ പദ്ധതി വേഗത്തിൽ തുടങ്ങാൻ കഴിഞ്ഞില്ലെങ്കിൽ പിന്നീട് സമീപകാലത്തൊന്നും ഇത് തുടങ്ങാൻ സാധിക്കില്ല, വിഴിഞ്ഞം പ്രോജക്ടിനെതിരായി പ്രവർത്തിക്കുന്ന ലോബി ഇതിനെ അട്ടിമറിക്കും. ഈ ആശങ്ക വർദ്ധിപ്പിക്കുന്ന തരത്തിലാണ് കഴിഞ്ഞ ദിവസം റൂൾ 300 പ്രകാരമുള്ള മന്ത്രിയുടെ സ്റ്റേറ്റുമെന്റ് വന്നത്. ഇത്

സംബന്ധിച്ച് ഒരു വ്യക്തമായ നിലപാട് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിക്കണം. വിഴിഞ്ഞം പോർട്ടിന്റെ പ്രവർത്തനം ആരംഭിക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി, (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂച്ചിപ്പിച്ചതുപോലെ വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിൽ ഒരു ആശയക്കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നില്ലെന്നുമാത്രമല്ല ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ വേണ്ടി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. കാര്യങ്ങൾ ശരിയായ രൂപത്തിൽ മനസ്സിലാക്കി ഈ വിഷയം കൈകാര്യം ചെയ്യേണ്ടത് ആവശ്യമാണെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ ടെൻഡർ സമയമാണ്. ഈ സമയത്ത് കേരളത്തിൽ ഈ പദ്ധതിക്ക് അനുകൂലമല്ലാത്ത രാഷ്ട്രീയ, സാമൂഹ്യ കാലാവസ്ഥ ഉണ്ടാകുന്നത് ഒട്ടും ഉചിതമല്ല. അതുകൊണ്ട് രാഷ്ട്രീയമായി ഈ പ്രശ്നത്തെ കാണാതെ ഇതിനനുകൂലമായ രാഷ്ട്രീയ-സാമൂഹ്യ കാലാവസ്ഥ സൃഷ്ടിക്കാൻ ഗവൺമെന്റുമായി കേരളത്തിലെ മുഴുവൻ ആളുകളും പ്രതിപക്ഷവും സഹകരിക്കണം എന്നാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. ലാന്റ് ലോർഡ് മോഡലിന് മാറ്റം വരുത്തിയിട്ടില്ല. പക്ഷേ, വി.ജി.എഫ്. ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതി പുനർ നിർണ്ണയം നടത്തിയിട്ടുണ്ട്, അത് രഹസ്യമല്ല. ഞാൻ നടത്തിയ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റുമെന്റിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ കമ്പനിയുടെ വെബ്സൈറ്റിലും അത് കൊടുത്തിട്ടുണ്ട്. ശരിയായ പഠനവും

അവലോകനവും നടത്തിയതിനുശേഷമാണ് ഇത്തരം മാറ്റങ്ങൾ വരുത്തിയിട്ടു ള്ളത്. മദർ വെസ്സലുകളിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള വലിപ്പം കാരണം, 9000 ടി.യു. വെസ്സലുകൾക്കുവേണ്ടി രൂപകല്പന ചെയ്തിട്ടുള്ള പഴയ മാസ്റ്റർപ്ലാ നിൽ നിന്നും 18000 ടി.യു.വെസ്സലുകൾ അടുപ്പിക്കുന്ന തരത്തിലുള്ള മാസ്റ്റർ പ്ലാനിന്റെ രൂപകല്പനയിലേക്ക് മാറേണ്ടത് അനിവാര്യമായിത്തീർന്നു. ഇതു സംബന്ധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ, വിശദമായ പ്രോജക്ട് റീ-സ്ട്രക്ച്ചറിംഗ് ഓപ്ഷൻസ് റിപ്പോർട്ട് തയ്യാറാക്കുകയും വിശദമായ പഠനത്തിന്റെയും സാമ്പത്തിക അവ ലോകനത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതി പുനർ നിർണ്ണയിക്കുകയുമാ ണുണ്ടായത്. ഇതനുസരിച്ച് പോർട്ട് ഇൻഫ്രാസ്ട്രക്ച്ചറിന്റെ ചെലവ് ആദ്യ ഘട്ടത്തിൽ പഴയ മോഡലിലെ തുകയായ 2616 കോടി രൂപയിൽനിന്ന് 3640 കോടി രൂപയായി ഉയർന്നു. ഇത് ഭൂമി ഏറ്റെടുക്കൽ, ജലം, റോഡ് എന്നിവയ്ക്കുള്ള ചെലവ് ഒഴിവാക്കിയുള്ള തുകയാണ്. ഇത് 2012-ലെ നിരക്കനുസരിച്ചുള്ളതാണ്. 2014-ൽ ടെൻഡർ ചെയ്യുമ്പോൾ ഡോളർ വിനിമയ നിരക്കിൽ വരുന്ന വ്യതിയാനം തീർച്ചയായിട്ടും ഇതിൽ പ്രതിഫലി ക്കുകയും ചെയ്യും. പുനർനിർണ്ണയം കാരണം കേന്ദ്ര സർക്കാരിൽ നിന്നും വി.ജി.എഫ്. ലഭ്യമാക്കാനും സാധിക്കും. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ലാന്റ് ലോർഡ് മോഡലായിരുന്നു, ഞങ്ങൾ പുനർനിർണ്ണയം നടത്തി പി.പി.പി. മോഡൽ ആക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട കോടിയേരി ബാല കൃഷ്ണൻ ചൂണ്ടിക്കാണിച്ചത്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ സമയ ത്തുള്ള ഫിഷറീസ് & പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ ഒരു ഓർഡർ ഞാൻ വായി ക്കാം. 18-10-2010-ലെ ജി.ഒ.(എം.എസ്.) നം. 75/10/ എഫ് & പി. ഓർഡ

റാണ്, വേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം. ഓർഡറിന്റെ ആറാമത്തെ പാരഗ്രാഫിൽ "Based on these criteria, the advisors have recommended adopting the Land Lord model in which civil infrastructure is to be built by Government itself (at an estimated cost of Rs. 1647 Cr.) through a separate EPC bid, while the superstructure for port operations and terminals etc. is to built on PPP basis by a concessionaire selected through a competetitive bidding process." ഇതാണ് ആ ഓർഡറിന്റെ പ്രധാന ഭാഗം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പി.പി.പി. ഉണ്ടായിരുന്നു. ഇങ്ങനെ ഒരു ഓർഡർ ഉണ്ടായിട്ടും അന്ന് ലാന്റ് ലോർഡ് മോഡലായിരുന്നുവെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അന്ന് നിങ്ങൾ സൂപ്പർ സ്ട്രെക്ച്ചറെല്ലാം പി.പി.പി. മോഡലിൽ ചെയ്യാൻ തീരുമാനിച്ചതിന്റെ ഉത്തരവാണിത്. സൂപ്പർ സ്ട്രക്ച്ചറിന്റെ കൂടെ റിക്ലമേഷനും ഡ്രെഡ്ജിംഗും കൂടി ഉൾപ്പെടുത്തിയെന്നതാണ് ഇപ്പോഴുള്ള വ്യത്യാസം, വേറൊരു വ്യത്യാസവുമില്ല. ഇത് ലാന്റ് ലോർഡ് മോഡൽ തന്നെയാണ്.

ഇത് അട്ടിമറിക്കാനുള്ള ഗൂഢാലോചനയല്ല, നടപ്പാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ഐ.എഫ്.സി.-യെക്കുറിച്ച് പറഞ്ഞില്ലേ, നിങ്ങൾ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിലെ ഒരു വാചകം ഞാൻ വായിക്കാം. ഐ.എഫ്.സി തന്നെ ഇതിന്റെ advantages & disadvantages തയ്യാറാക്കിത്തന്നതാണ്. അതിൽ പറഞ്ഞിരിക്കുന്നത് " Risk of building:- A white elephant with large time and cost over runs and no link to establish efficient

operations in a time bound manner; " – ഇത് ഐ.എഫ്.സി. തയ്യാറാക്കിത്തന്ന്, നിങ്ങൾ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിലുള്ളതാണ്. നിങ്ങൾ ലാന്റ്ലോഡ് മോഡലാക്കിയപ്പോൾ അതിന്റെ advantages-ഉം disadvantages-ഉം പറഞ്ഞുകൊണ്ട് ഐ.എഫ്.സി നൽകിയ റിപ്പോർട്ടിലാണ് ഇതൊരു "white elephant" ആണെന്നും ലാന്റ്ലോഡ് മോഡലിൽ എഫിഷ്യന്റായി നടത്താൻ സാധിക്കില്ല എന്നും പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഇത് രഹസ്യമാക്കിവച്ചു എന്നാൽ ഞങ്ങൾ ഇത് പരസ്യമാക്കി വെബ്സൈറ്റിൽ കൊടുക്കുകയും ഈ ഘടനാമാറ്റത്തെ സംബന്ധിച്ച് നിയമസഭയിൽ റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്തുകയുമാണ് ചെയ്തത്. അതിനെക്കുറിച്ച് കൂടുതൽ സംശയം ഉണ്ടാകേണ്ട എന്നു കരുതി ചെയ്തതാണ്. ആവശ്യമാണെങ്കിൽ ഇതുസംബന്ധിച്ച എല്ലാ രേഖകളും മേശപ്പുറത്തു വയ്ക്കാം. മറ്റൊരുകാര്യം പറയാനുള്ളത്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഐ.എഫ്.സി-യെ പിരിച്ചുവിട്ടതായി പറഞ്ഞു, അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിച്ചതായിരിക്കാം. അല്ലെങ്കിൽ അദ്ദേഹം ഇത്തരത്തിൽ പറയില്ല. യഥാർത്ഥ സംഭവം എന്തെന്നറിയാമോ; ഐ.എഫ്.സി.-യുടെ കാലാവധി ഡിസംബർ 31-ന് അവസാനിച്ചു, അവരോട് തുടരാൻ അഭ്യർത്ഥിച്ചുവെങ്കിലും അവർ തയ്യാറായില്ല. തുടർന്ന് ട്രാൻസാക്ഷൻ അഡ്വൈസറെ കണ്ടെത്തുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചു, ലോകത്തിലെ ഏറ്റവും മികച്ച കമ്പനിയായ 'ഏണസ്റ്റ് ആൻഡ് യംഗ്'-നെ പദ്ധതിയുടെ ട്രാൻസാക്ഷൻ അഡ്വൈസറായി തെരഞ്ഞെടുക്കുകയും ചെയ്തു. ഐ.എഫ്.സി. ആ

ടെണ്ടറിൽ പങ്കെടുത്തില്ല. ഐ.എഫ്.സി.-യെ പിരിച്ചുവിട്ടതല്ല, സ്വയം പിരിഞ്ഞുപോയതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി ചുരുക്കി പ്പറയണം.

ശ്രീ. കെ. ബാബു: സർ, ഇത് കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ്. ലാന്റ്ലോഡ് മോഡൽ ആക്കിയ സാഹചര്യം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന് അറിയാമല്ലോ; തത്വപരമായ പ്രശ്നത്തിന്റെ പേരിലല്ല, നിങ്ങൾ ഇറക്കിയ ഓർഡറിൽ എല്ലാം വ്യക്തമായി പറഞ്ഞിട്ടുണ്ട്. 24-05-2008-ൽ നിങ്ങൾ പി.പി.പി. മോഡലായി അംഗീകരിച്ച് പരസ്യം ചെയ്തെങ്കിലും കോടതി ഇടപെടലും തർക്കങ്ങളും കാരണം അതൊഴിവാ ക്കേണ്ടിവന്നു. തത്വപരമായ ഒരു പ്രശ്നത്തിന്റെ പേരിലല്ല, കേസ് വന്നതു കൊണ്ടാണ് പി.പി.പി. ഒഴിവാക്കിയത്. നിങ്ങൾ ലാൻകോ കോണ്ടപ്പള്ളിക്ക് കൊടുത്തിരുന്നുവെങ്കിലും അത് തുടരാൻ സാധിച്ചില്ല. അതിൽ തത്വപരമായ പ്രശ്നങ്ങളായിരുന്നില്ല, പ്രായോഗികമായ ചില പ്രശ്നങ്ങളാണുണ്ടാ യിരുന്നത്. കേസ് വന്നില്ലെങ്കിൽ നിങ്ങൾ പി.പി.പി. മോഡലാക്കുമായിരുന്നു. ഞങ്ങൾ റീസ്ട്രക്ച്ചർ ചെയ്തു എന്നല്ലാതെ മോഡലിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. വി.ജി.എഫ്.(Viability Gap Funding)-നുപോകുമ്പോൾ ഈടാക്കാൻ സാധ്യതയുള്ള ഏറ്റവും കൂടിയ താരിഫ് നേരത്തെതന്നെ നിശ്ച യിക്കേണ്ടതുണ്ട്. അത് കൂടിയ നിലയിൽ നിശ്ചയിച്ചിട്ട് അതിനുതാഴെയുള്ള ഏത് താരിഫും ഈടാക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിനാൽ താരിഫ് നേരത്തെ നിശ്ചയിക്കുന്നത് പ്രവർത്തന സ്വാതന്ത്ര്യത്തെ യാതൊരുവിധ ത്തിലും ബാധിക്കുന്ന പ്രശ്നമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കുറെ

പ്രസ്താവനകളിറക്കി. അദ്ദേഹത്തിന്റെ പ്രസ്താവനകൾ നിങ്ങൾ പൂർണ്ണമായും അംഗീകരിക്കുന്നോ എന്നെനിക്കറിയില്ല. ഏതായാലും അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നത് നിങ്ങളുടെ ഭരണകാലത്തുതന്നെ പരിസ്ഥിതി ക്ലിയറൻസ് കിട്ടിയിരുന്നു, കാലതാമസം ഉണ്ടാക്കി എന്നാണ്. യഥാർത്ഥത്തിൽ എനിക്ക് അദ്ദേഹത്തോട് അങ്ങേയറ്റത്തെ സഹതാപമുണ്ട്. കാരണം വസ്തുതകളറിയാതെ ഇതുപോലെ ആക്ഷേപിക്കുന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇതിന്റെ ടി.ഒ.ആർ.(Terms of reference) എന്നുപറഞ്ഞാൽ 2006-ലെ ഇ.ഐ.എ (Environmental Impact Assessment) നോട്ടിഫിക്കേഷനും 1986-ലെ പരിസ്ഥിതി നിയമവുമനുസരിച്ച് പരിസ്ഥിതി പഠനം നടത്തണം. ഇതിനായി ടേംസ് ഓഫ് റഫറൻസ് സെൻട്രൽ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റി അംഗീകരിക്കണം. 1–07–2011-ലാണ് ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചുകിട്ടിയത്. അന്ന് കേരളം ഭരിക്കുന്നത്; ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റാണ്. അതായത്, നിങ്ങളുടെ ഭരണകാലത്ത് ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചു കിട്ടിയിട്ടില്ല. അതിന്റെ അടിസ്ഥാനത്തിലാണ് പരിസ്ഥിതി ക്ലിയറൻസ് ഇപ്പോൾ ലഭിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, പത്ത് മിനിറ്റ് കഴിഞ്ഞു.

ശ്രീ. കെ.ബാബു: സർ, ഒരു മിനിറ്റുകൂടി അനുവദിക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത് ഞങ്ങൾ കാലതാമസമുണ്ടാക്കിയെന്നാണ്. ഞങ്ങൾ കാലതാമസമുണ്ടാക്കിയില്ലെന്നുമാത്രമല്ല നിങ്ങളുടെ ഗവൺമെന്റ് കാലതാമസമുണ്ടാക്കുന്നതിൽ വലിയ സംഭാവനകൾ ചെയ്യുകയും ചെയ്തു. ഒന്ന്, നിങ്ങൾ ഐ.എഫ്.സി.-യുമായി ഉണ്ടാക്കിയ എഗ്രി

മെന്റിൽ പരിസ്ഥിതി പഠനത്തിനുള്ള വ്യവസ്ഥ ഉണ്ടായിരുന്നു – അവർ ഡോണർ ഫണ്ടുപയോഗിച്ച് പഠിക്കാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. അവർ കൃത്യമായി റിപ്പോർട്ട് തന്നില്ല. അവരുടെ ഓംബുഡ്സ്മാൻ വന്നു, ഒരുപാട് നീട്ടിക്കൊണ്ടുപോയി. അവർ തന്ന പഠന റിപ്പോർട്ട് കൂടാതെ രണ്ടാമതൊന്നു കൂടി എൽ.ആൻഡ് ടി. റാംബോളിനെക്കൊണ്ടും **ഇൻവെയ്ഡ്സിനെ ക്കൊണ്ടും** പഠനം നടത്തേണ്ടിവന്നപ്പോൾ ആ ഒരു കാലതാമസംകൂടി ഉണ്ടായി. മറ്റൊരു കാര്യം, (ഉദ്ഘാടനത്തിന്റെ നോട്ടീസ് ഉയർത്തിക്കാണിച്ചു കൊണ്ട്) "രാജ്യ പുരോഗതിയിലെ പുത്തൻ നാഴികക്കല്ല് – വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനോദ്ഘാടനം"– ഈ ഉദ്ഘാടനമാണ് രണ്ടുമാസത്തെ കാലതാമസമുണ്ടാക്കിയത്. കാരണം പരിസ്ഥിതി ക്ലിയറൻസില്ലാതെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു എന്നുള്ള കേസ്. ഈ പദ്ധതിയെ നഖശിഖാന്തം എതിർക്കുന്ന ഹോട്ടലുടമകളും ആളുകളും നിർണ്ണായക ഘട്ടത്തിൽ പ്രതിഷേധം ഉയർത്തി. ഞങ്ങൾ അവരോട് മാപ്പു പറഞ്ഞുനോക്കി, എന്നിട്ടും പ്രശ്നം അവസാനിച്ചില്ല. ഗവൺമെന്റ് മാപ്പുപറഞ്ഞത് ശരിയായില്ല എന്ന് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി പിന്നീട് പ്രസ്താവനയിറക്കി. നിവൃത്തികേടുകൊണ്ട് മാപ്പുപറഞ്ഞ താണ്. പക്ഷെ പ്രശ്നം അവസാനിച്ചില്ല. ഡിസംബർ 17–ാം തീയതി അഡീഷ ണൽ ചീഫ് സെക്രട്ടറിക്ക് ഒരു കത്ത് ലഭിച്ചു. അതിൽ ആറുകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അവസാനം പറഞ്ഞിരിക്കുന്നത് "You are requested to institute legal action against the proponent for the violation and inform this ministry at the earliest"- കാലതാമസം വന്നു എന്ന് പ്രതിപക്ഷ

നേതാവ് പറഞ്ഞത് ശരിയാണ്. ആ കാലതാമസമുണ്ടാക്കിയതിൽ കഴിഞ്ഞ ഗവൺമെന്റിന്റെ സംഭാവനകൂടിയുണ്ട്. ഈ വ്യവസ്ഥയനുസരിച്ച് ഞങ്ങൾ ഒരു കേസ് രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ നൽകിയതിനുശേഷമാണ് പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചത്. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കാതെ, യാതൊരു നടപടിയും പൂർത്തിയാക്കാതെ നിങ്ങൾ ഉദ്ഘാടനം ചെയ്തു. പത്ത് മന്ത്രിമാരാണ് ഉദ്ഘാടനത്തിൽ പങ്കെടുത്തത്. നിങ്ങളുടെ വലിയൊരാ ഗ്രഹം നടത്തിയതായിരിക്കും. പക്ഷെ, ......

<u>ശ്രീ. രാജു എബ്രഹാം</u>: സർ, റോഡിന്റെ ഉദ്ഘാടനമാണ് നടത്തിയത്.

<u>ശ്രീ. കെ. ബാബു</u>: സർ, അതുതന്നെയാണ് പറഞ്ഞത്. ശ്രീ. രാജു എബ്രഹാമിന് അത്യാവശ്യം കാര്യങ്ങൾ മനസ്സിലാകുമല്ലോ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, 13 മിനിറ്റ് കഴിഞ്ഞു. ഇങ്ങനെ പോയാൽ സഭ എത്ര മണിക്ക് കഴിയുമെന്നുള്ള കാര്യംകൂടി അങ്ങ് ചിന്തിക്കണം.

<u>ശ്രീ. കെ. ബാബു</u>: സർ, അവസാനിപ്പിക്കാം. നിർഭാഗ്യവശാൽ കേസ്സെ ടുത്തത് അന്നത്തെ തുറമുഖവകുപ്പു സെക്രട്ടറിയുടെ പേരിലാണ്. മറ്റുള്ളവ രുടെ പേരിൽ കേസ്സെടുത്തിട്ടില്ല. എനിക്ക് ശ്രീ. കോടിയേരി ബാലകൃഷ്ണൻ എഴുതിത്തന്നത് വിഴിഞ്ഞം ഹാർബർ പദ്ധതി പി.പി.പി. മോഡൽ പദ്ധതി യാക്കി മാറ്റാനുള്ള തീരുമാനം, പദ്ധതി നടപ്പിലാക്കാതിരിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്ത ഒരു ഗൂഡാലോചനയുടെ ഭാഗമാണെന്ന ആശങ്ക സംബന്ധിച്ച് ചർച്ച ചെയ്യണമെന്നാണ്. സത്യത്തിൽ ഞാൻ പറഞ്ഞ കാര്യങ്ങൾ ഏറെക്കുറെ സഭയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടാകുമെന്ന് കരുതുന്നു. ഇതിൽ ഒരു ഗൂഡാലോചനയുമില്ലെന്നുമാത്രമല്ല യാഥാർത്ഥ്യമാക്കാൻ വേണ്ടി

യുദ്ധകാലാടിസ്ഥാനത്തിൽ ഗവൺമെന്റ് പ്രവർത്തിക്കുകയാണ്. നമ്മൾ ഒറ്റക്കെട്ടായി ഈ പ്രശ്നം കൈകാര്യം ചെയ്യണം. ഈ ടെണ്ടർ കാലഘട്ടത്തിൽ, ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ ദയവായി ഇതിനെ കൊല്ലാൻ ശ്രമിക്കരുത് എന്ന് വിനയപുരസ്സരം ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പി.പി.പി. മോഡൽ പ്രോജക്ട് മൂന്നു പ്രാവശ്യം പരിശോധിച്ചതാണ്. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്തും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്തും ശ്രീ.വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്തും പരീക്ഷിച്ച് പരാജയപ്പെട്ടതാണ് പി.പി.പി. പ്രോജക്ട്. അങ്ങനെ വന്നതുകൊണ്ടാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ പ്രോജക്ടിനെ ലാന്റ്ലോഡ് പ്രോജക്ടായി ചെയ്യാൻ തീരുമാനിച്ചത്. അവിടത്തെ പോർട്ട് നിർമ്മാണം ഗവൺമെന്റ് നടത്തി, ഓപ്പറേഷൻ മാത്രമാണ് സ്വകാര്യ പങ്കാളിയെ ഏൽപ്പിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ നിങ്ങൾ അതിനെ മാറ്റി വാർഫിന്റെ നിർമ്മാണം സ്വകാര്യ കമ്പനിയെ ഏൽപ്പിക്കാൻ ശ്രമിച്ചാൽ തർക്കങ്ങളിലേക്ക് പോകും. കാലതാമസമുണ്ടാക്കിയത് ആരാണെന്ന് ചോദിച്ചാൽ, നേരത്തെ ഇതെല്ലാം തീരുമാനിച്ച് ചൈനീസ് കമ്പനിക്ക് അനുമതി കൊടുക്കുന്ന സ്ഥിതി വന്നപ്പോൾ ചൈനീസ് കമ്പനി കേരളത്തിൽ വരാൻ പാടില്ലായെന്ന് ആ കമ്മിറ്റിയിൽ പങ്കെടുത്ത ഹോം സെക്രട്ടറി പറഞ്ഞു. അപ്പോൾ കാലതാമസമുണ്ടാക്കിയത് ഞങ്ങളാണോ? കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിട്ടാണ് കഴിഞ്ഞ തവണ കാലതാമസമുണ്ടാക്കിയത്. ഇങ്ങനെ ഓരോ സന്ദർഭത്തിലും കാലതാമസമുണ്ടാക്കിയത് കേന്ദ്രത്തിന്റെ ഇടപെടലിന്റെ ഫലമായിട്ടാണ്. ഇപ്പോൾ എനിക്ക് അറിയാനുള്ളത്, ഇതിന്റെ

നടപടിക്രമങ്ങളൊക്കെ പൂർത്തിയാക്കി പി.പി.പി. പ്രോജക്ട് ആണെങ്കിൽ അങ്ങനെ – നിങ്ങൾ പി.പി.പി. പ്രോജക്ട് ആണ് തീരുമാനിക്കുന്നതെങ്കിൽ ഞങ്ങൾ അതിന് എതിരല്ല. ഞങ്ങൾക്ക് ഈ പ്രോജക്ട് നടപ്പിലാക്കണമെന്നു മാത്രമാണുള്ളത് – അതല്ല ലാന്റ് ലോഡ് പ്രോജക്ട് ആണെങ്കിൽ അങ്ങനെ, ഏത് രീതിയിലായാലും വിഴിഞ്ഞം പ്രോജക്ട് നടപ്പാക്കണം. എന്നാൽ പി.പി.പി. പ്രോജക്ട് എന്നുപറഞ്ഞുകൊണ്ട് ഈ പ്രോജക്ടിനെ ഇല്ലാതാക്കാൻ പാടില്ല. ഇതിന്റെ നടപടിക്രമങ്ങളൊക്കെ പൂർത്തീകരിച്ച് എപ്പോൾ ഈ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ സാധിക്കും; ഈ പറഞ്ഞ തരത്തിൽ പ്രോജക്ട് തുടങ്ങാൻ സാധിക്കുമോ; എപ്പോഴാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് ഈ ഗവൺമെന്റ് കൃത്യമായി സഭയെ അറിയിക്കുമോ?

ശ്രീ. കെ. ബാബു: സർ, ഇപ്പോഴത്തെ ടെണ്ടറനസുരിച്ച് ബ്രേക്ക് വാട്ടർ നിർമ്മാണം 60 ശതമാനം പൂർത്തിയായശേഷം മാത്രമേ ഡ്രഡ്ജിംഗ്, റിക്ലമേഷൻ എന്നിവയുടെ പണി ആരംഭിക്കാൻ സാധിക്കുകയുള്ളു. പി.പി.പി. മേഡലിൽ നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ തീർച്ചയായും ബ്രേക്ക് വാട്ടർ നിർമ്മാണത്തിന്റെ 60 ശതമാനം ആകുമ്പോൾ വേണമെങ്കിൽ മാറ്റാം, അതിന് ഒരു തടസ്സവുമില്ല. അതുകൊണ്ട് അതിൽ ഒരു ആശങ്കയുടെ കാര്യമില്ല. മാത്രമല്ല ഇതിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു, ആഗോള തലത്തിലുള്ള ടെണ്ടറാണ്. ഇതിന് കുറച്ചുകൂടി പ്രചാരം ലഭിക്കുന്നതിനും കൂടുതൽ കമ്പനികളെ കൊണ്ടുവരുന്നതിനുംവേണ്ടി വരുന്ന 16-ാം തീയതി മുംബൈയിൽ ഞങ്ങൾ ഒരു റോഡ് ഷോ സംഘടിപ്പിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ നടപടിയനുസരിച്ച് ആഗസ്റ്റ് മാസത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാകത്തക്ക വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഇതൊരു ഗ്ലോബൽ

ടെണ്ടർ ആയതിനാൽ ഇപ്പോൾത്തന്നെ രണ്ട് ആഴ്ച മാറ്റേണ്ടി വന്നു. എല്ലായിടത്തും ഇപ്പോൾ എല്ലാം ന്യൂഇയറിന്റെയും ക്രിസ്തുമസിന്റെയും ആഘോഷ കാലഘട്ടമാണ്, കുറച്ച് സമയംകൂടി വേണമെന്ന് പല കമ്പനികളും അഭ്യർത്ഥിച്ചതനുസരിച്ച് ടെണ്ടർ സമർപ്പിക്കുന്നതിന് രണ്ടാഴ്ചത്തെ സമയം നീട്ടിയിട്ടുണ്ട്. ഈ വർഷം ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കും. ഇതാണ് എനിക്ക് ഈ കാര്യത്തിൽ പറയാനുള്ളത്.

(സബ്മിഷൻ)